STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.134/PR/SPMC/PHQ/2022 Date:16.08.2022

# 71 ാമത് ആൾ ഇന്ത്യാ പോലീസ് അക്വാട്ടിക് ആന്റ് ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പ് : പോലീസ് മീഡിയ സെന്റർ പ്രവർത്തനം ആരംഭിച്ചു

71 ാമത് ആൾ ഇന്ത്യാ പോലീസ് അക്വാട്ടിക് ആന്റ് ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പ് വേദിയിൽ പോലീസ് മീഡിയ സെന്റർ പ്രവർത്തനം ആരംഭിച്ചു.

തിരുവനന്തപുരം പിരപ്പൻകോട് ഡോ.ബി.ആർ അംബേദ്ക്കർ ഇന്റർനാഷണൽ അക്വാട്ടിക് കോംപ്ലക്സിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ എ. ഡി.ജി.പി മനോജ് എബ്രഹാം മീഡിയ സെന്ററിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. വിജിലൻസ് എസ്.പി കെ.ഇ.ബൈജു, ട്രാഫിക് സൗത്ത് എസ്.പി എ.യു.സുനിൽകുമാർ, സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ ഡെപ്യൂട്ടി ഡയറക്ടർ വി.പി.പ്രമോദ് കുമാർ, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ബുധനാഴ്ച വൈകിട്ട് അഞ്ച് മണിക്ക് നടക്കുന്ന ഉദ്ഘാടനം, 21 ന് വൈകിട്ട് നടക്കുന്ന സമാപന ചടങ്ങ്, പ്രധാന മത്സരങ്ങൾ എന്നിവ സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെ ഫെയസ്ബുക്ക് പേജിൽ തത്സമയം സംപ്രേഷണം ചെയ്യും. അതത് ദിവസത്തെ മത്സരങ്ങൾ, ഫലങ്ങൾ എന്നിവയും സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെ സാമൂഹ്യമാധ്യമ അക്കൗണ്ടുകളിൽ ലഭ്യമാകും. ആഗസ്റ്റ് 17 മുതൽ 21 വരെ നടക്കുന്ന മത്സരങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ബുധനാഴ്ച വൈകുന്നേരം അഞ്ച് മണിക്ക് നിർവ്വഹിക്കും.

ഫോട്ടോക്യാപ്ഷൻ : പിരപ്പൻകോട് വി.ആർ.അംബേദ്കർ ഇന്റർനാഷണൽ അക്വാട്ടിക് കോംപ്ലക്സിൽ ആൾ ഇന്ത്യാ പോലീസ് അക്വാട്ടിക് ആന്റ് ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ തയ്യാറാക്കിയ മീഡിയ സെന്ററിന്റെ ഉദ്ഘാടനം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ എ.ഡി.ജി.പി മനോജ് എബ്രഹാം നിർവ്വഹിക്കുന്നു.